**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 313** **17-03-2025 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു,**<br>**ശ്രീ. കെ. ബാബു (നെന്മാറ),**<br>**ശ്രീ. പി.പി. ചിത്തരഞ്ജൻ,**<br>**ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെ-സ്മാർട്ട് പദ്ധതി ആരംഭിച്ചത് എന്നാണെന്നും പ്രാഥമികഘട്ടത്തിൽ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പരീക്ഷണാർത്ഥം അത് നടപ്പാക്കിയതെന്നും അറിയിക്കുമോ; | (എ) | പരീക്ഷണാടിസ്ഥാനത്തിലല്ലാതെ തന്നെ 2024 ജനുവരി 1 മുതൽ എല്ലാ നഗര തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് നടപ്പിലാക്കിയിട്ടുണ്ട് (കോർപ്പറേഷൻ -6, മുനിസിപ്പാലിറ്റി-87) . |
| (ബി) | കെ-സ്മാർട്ട് നടപ്പാക്കിയതിനുശേഷം ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **ഉണ്ട്. നഗരതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കെ-സ്മാർട്ട് സംവിധാനം വിന്യസിച്ചതിന് ശേഷം നഗരസഭ സെക്രട്ടറിമാരുടെ വിവിധ യോഗങ്ങൾ വിളിച്ചു ചേർക്കുകയും ആയതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതു വരെ ആയി 3264302 അപേക്ഷകൾ ലഭിച്ചതിൽ 2460022 അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇതിൽ 472250 അപേക്ഷകൾ ഒരു മണിക്കൂറിനകം തീർപ്പ് കൽപ്പിച്ചവയാണ്. 912845 അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. 149553 അപേക്ഷകൾ അവധി ദിവസങ്ങളിൽ തീർപ്പ് കൽപ്പിച്ചവയാണ്.** |
| (സി) | കെ-സ്മാർട്ടിൽ സിവിൽ രജിസ്ട്രേഷൻ, ബിസിനസ് ഫെസിലിറ്റേഷൻ, വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ്, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതികൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്.<br><br>**സിവിൽ റെജിസ്ട്രേഷൻ :** ആകെ ഫയലുക 924572 തീർപ്പാക്കിയവ : 811832 (Pe 96.4%)<br><br>**ലൈസൻസ് :** ആകെ ഫയലുകൾ : 34313 തീർപ്പാക്കിയവ : 286396 (Per 85.4%)<br><br>**വസ്തു നികുതി :** ഫ്രണ്ട് ഓഫീസ് : 595.4 കോടി ഔട്ട് ഡോർ : 5.01 കോടി ഇ പേയ് 292.18 കോടി മറ്റുള്ളവ : 3.32 കോടി പി എസ് മെഷീൻ : 155.91 കോടി ആകെ 1051.85 കോടി |

| | | | |
|---|---|---|---|
| | | | **മറ്റു വരവുകൾ** : ഫ്രണ്ട് ഓഫീസ് : 1531.4 കോടി ഔട്ട് ഡോർ : 5.64കോടി ഇ പേ 426.74കോടി മറ്റുള്ളവ : 120.42കോടി പി എസ് മെഷീൻ: 176.53 കോടി ആകെ 2260.74കോടി<br><br>**കെട്ടിട നിർമ്മാണ അനുമതി :** ആകെ ഫയ : 91063 തീർപ്പാക്കിയവ: 65589 (Per 72.6%)<br><br>**പൊതുജന പരാതി പരിഹാരം:** ആകെ ഫയ : 34795 തീർപ്പാക്കിയവ : 10965 (Per 33.1% |
| (ഡി) | കെ-സ്മാർട്ട് പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഗ്രാമ- ബ്ലോക്ക്- ജില്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ കെ-സ്മാർട്ട് വിന്യസിക്കുന്നതിന്റെ ഭാഗമായി 2025 ജനുവരി 1 മുതൽ കരകുളം ഗ്രാമ പഞ്ചായത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ കെ സ്മാർട്ട് വിന്യസിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലും, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും 2025 മാർച്ച് 19 ന് തന്നെ പൈലറ്റ് ലോഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .<br><br>ആയതിനു തുടർച്ചയായി 2025 ഏപ്രിൽ മുതൽ പൂർണ്ണമായും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു (ഗ്രാമ പഞ്ചായത്ത് - 941, ബ്ലോക്ക് പഞ്ചായത്ത്- 152, ജില്ലാ പഞ്ചായത്ത്- 14). |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ആദ്യ ഘട്ടത്തിൽ **K-SMART** സിറ്റിസൺ സർവ്വീസിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന 8 മൊഡ്യൂളുകളും 2 മൊബൈൽ ആപ്പും കേരളത്തിലെ 6 കോർപ്പറേഷനുകളിലും 87 മുൻസിപ്പാലിറ്റികളിലും ഉൾപ്പെടെ 93 അർബൻ ലോക്കൽ ബോഡികളിലും 2024 ജനുവരി 1 ന് ബഹു.കേരള മുഖ്യമന്ത്രി ഓരേ സമയം വിന്യസിച്ചതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും, അതിലൂടെ കേരളത്തിലെ 93 അർബൻ ലോക്കൽ ബോഡികളിലും പ്രവർത്തനങ്ങൾ മുഴുവനായി ഓണാലൈനായിരിക്കുകയാണ്.

**K-SMART നിലവിൽ വിന്യസിച്ചിട്ടുള്ള മൊഡ്യൂളുകൾ ചുവടെ ചേർക്കുന്നു.**

**മൊഡ്യൂൾ**

1. **ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം**
2. സിവിൽ രജിസ്ട്രേഷൻ (ജനന -മരണ - വിവാഹ രജിസ്ട്രേഷൻ)
3. വസ്തു നികുതി
4. ഫിനാൻസ് മോഡ്യൂൾ
5. **ഡിജിറ്റൽ** ഫയൽ മാനേജ്മെന്റ് സിസ്റ്റം
6. ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസുകൾ)
7. ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ
8. പൊതുജന പരാതി പരിഹാരം

**മൊബൈൽ ആപ്പ്**

9. **കെ-സ്മാർട്ട് മൊബൈൽ ആപ്പ്** (iOS & Android)
10. **നിങ്ങളുടെ ഭൂമിയെകുറിച്ച് അറിയുക** (Know your land App)

**സർവ്വീസുകൾ**

11. **കെ-സ്മാർട്ട് വെബ്ബ് പോർട്ടർ**
12. **ഇ-ഡിസിആർ റൂൾ എഞ്ചിനും ജിഐഎസ് റൂൾ എഞ്ചിനും**
13. **ലെഗസി ഡാറ്റ മാനേജ്മെന്റ് സിസ്റ്റം** (LDMS)
14. **ഫീഡ്ബാക്ക് മൊഡ്യൂൾ**
15. **ഡാഷ് ബോർഡ്**

കെ-സ്മാർട്ട് ആപ്ലിക്കേഷൻ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ ഭാഗമായുള്ള പൈലറ്റ് ലോഞ്ച് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ, 01.01.2025 ന് വിന്യസിച്ചിട്ടുണ്ട്.

ആയതിനു തുടർച്ചയായി 2025 ഏപ്രിൽ മുതൽ 940 ഗ്രാമപഞ്ചായത്തുകളിലും, 152 ബ്ലോക്ക് പഞ്ചായത്ത്, 14 ജില്ലാ പഞ്ചായത്തുകളിലും **കെ-സ്മാർട്ട്** സിറ്റിസൺ സർവ്വീസിൽ ഉൾപ്പെടുന്ന 8 മൊഡ്യൂളുകളും 2 മൊബൈൽ ആപ്പും കൂടാതെ **മീറ്റിംഗ് മാനേജ്മെന്റ് ബിസിനസ് ഫെസിലിറ്റേഷൻ മൊഡ്യൂൾ (രജിസ്ട്രേഷനുകൾ ഉൾപ്പെടെ), പെറ്റ് ലൈസൻസ്, തൊഴിൽ നികുതി** എന്നീ മൊഡ്യൂളുകൾ കൂടി വിന്യസിക്കുന്നതിന് തയ്യാറെടുക്കുന്നു.